ങ്കും പറവൂർ, കുന്നത്തുനാട് താലൂക്കിലുള്ളതുകൊണ്ട് ഈ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന രണ്ടു മെംബറന്മാരും ഞാനും ഒരുമിച്ച് അലുവാ എക്സിക്യൂട്ടീവ് എൻജിനീയരെ കണ്ട് പത്തും ഇരുപതും മുപ്പതും രൂപാ മാത്രം ചെലവുചെയ്ത് ജനങ്ങൾക്ക് സൗകര്യം ഉണ്ടാക്കിക്കൊടുക്കാവുന്ന പലേ പണികളെപ്പറ്റിയും അദ്ദേഹത്തെ ധരിപ്പിച്ചിട്ടും അദ്ദേഹം ഇതുവരെ യാതൊന്നുംതന്നെ ചെയ്തതെ ഇട്ടിരിക്കുകയാണ്. പറവൂർ-വരാപ്പുഴ റോഡിലുള്ള ചെറിയപ്പിള്ളിയിൽ ഒരു ഫങ്ങാടം അഞ്ചു ദിവസംവരെ വെള്ളത്തിൽ മുങ്ങിക്കിടന്നിട്ട് യാതൊരന്വേഷണവും ചെയ്തില്ല. ഒരു ദിവസം കഴിഞ്ഞാണ് അതുദ്യോഗസ്ഥയുള്ള അഞ്ചൽ സർവീസുതന്നെയും നടത്തുകയും ആളുകൾക്ക് ഗതാഗതത്തിന് സൗകര്യം ലഭിക്കുകയും ചെയ്തിട്ടുള്ളതു്. ഇങ്ങനെയുള്ള അനാസ്ഥ വടക്കൻതാലൂക്കുകളോട് കാണിക്കുമ്പോൾ ഈ കടയിനേജു പദ്ധതിക്കായുള്ള തുക അനുവദിക്കേണ്ടയാവശ്യമില്ലെന്നാണ് ഞാൻ പറയുന്നതു്. അതുകൊണ്ട് കടയിനേജിനു വേണ്ടെന്നല്ല എന്റെ അഭിപ്രായം. കടന്നുപോകുമ്പോൾ ഉരുണ്ടുചീഞ്ഞ് പല്ല പോകത്തക്കവിധത്തിലുള്ള പാലങ്ങളുടേയും, ആളുകൾക്ക് നടക്കുന്നതിനുതന്നെയും വിഷമമായിട്ടുള്ള റോഡുകളുടെയും ശോചനീയസ്ഥിതിയെ കാണിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഇതിനെ എതിർക്കുന്നതു്. മൂന്നാമതായി പണം ആവശ്യപ്പെടുന്നതു് ഒന്നരകോല്ലത്തിന് മുമ്പ് കേടുവന്ന ഒരു പാലം നന്നാക്കുന്ന കാര്യത്തിലാണ്. നാലോ അഞ്ചോ കൊല്ലങ്ങൾക്കുമുമ്പ് കേടുവിന്നുകിടക്കുന്ന അനവധി പാലങ്ങൾ വടക്കൻ താലൂക്കിലുള്ളപ്പോൾ അവയെ വിസ്മരിച്ചിട്ട് അതിലേക്ക് പണം അനുവദിക്കുന്നതു ശരിയല്ല. മുൻപേ മുൻപേ കേടുവന്ന പാലങ്ങൾ ആദ്യമാദ്യം ശരിപ്പെടുത്തത്തക്കവണ്ണം ഒരു പദ്ധതി സ്വീകരിക്കുകയും അതിലേക്കായി പണം അനുവദിക്കുകയും ചെയ്യണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

DEWAN BAHADUR L. VENKITAKRISHNAN: Sir, there seems to be a misapprehension about the diversion of the reserve with the Chief Engineer. It was intended as reserve for the village roads. There was a sum of 17,15,000 rupees for the maintenance of roads, making new roads, completing incomplete roads. Out of this, 1,30,000 rupees is a reserve with the Chief Engineer for works and maintenance when the other grant has been spent out. It is not a reserve for specific relief, like reserve for ryots' roads etc. There need be, no misapprehension that some money which has been reserved for ryots' roads etc. has been taken away.

As regards the second item, *viz.*, maintenance of Trivandrum Drainage, it was suggested that the possibility of this expenditure should have been fore-seen. But we made a mistake and possibly somebody left it out.

LIBRARY ARCHIVES Kerala Legislative Assembly